കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്

# 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/9/983/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994256690.

തീയതി-14.08.2017.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ. മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-9/983/2017 തിയതി :14.08.2017

## കാസറഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 31-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും

പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 01.08.2017 മുതൽ 08.08.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി. | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ. | അസി. ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ശകുന്തള | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.വിനോദ്കുമാർ.കെ. | 01.04.2016 മുതൽ 07.07.2016വരെ |
| | ശ്രീ.സുരേഷ്ബാബു.എം.(അസി.സെക്രട്ടറി) | 08.07.2016 മുതൽ 30.07.2016വരെ |
| | ശ്രീ.എം.വത്സൻ. | 31.07.2016 മുതൽ 31.03.2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ് ബാബു.എം. | 01-04-2016 മുതൽ 20-12-2016വരെ |
| | ശ്രീ.വിജയൻ.കെ.(എച്ച്.സി.) | 21-12-2016 മുതൽ 11-01-2017വരെ |
| | ശ്രീ.കൃഷ്ണകുമാർ.ടി.എ. | 12-01-2017 മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സുനിൽ കുമാർ.വി. | 01-04-2016 മുതൽ 31-03-2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രമേശൻ.പി.വി. | 01-04-2016 മുതൽ 31-03-2017വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ.ഡോ.പ്രശാന്ത്.പി. | 01-04-2016 മുതൽ 31-03-2017വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുഷ.ബി. | 01-04-2016 മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശബ്ന്നം.സി.കെ. | 01-04-2016 മുതൽ 15-10-2016വരെ |
| | ശ്രീമതി.ശോഭ.പി. | 16-10-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ. (കയ്യൂർ സർക്കിൾ) | ശ്രീ.കേശവൻ നമ്പൂതിരി | 01-04-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ. (ചീമേനി സർക്കിൾ) | ശ്രീ.സഞ്ജയ് കുമാർ.കെ | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സിമി.എം.കെ | 01-04-2016 മുതൽ 13-06-2016വരെ |
| | ഡോ.ജ്യോതി.കെ | 14-06-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.മധുസൂധനൻ നമ്പൂതിരിപ്പാട് | 01-04-2016 മുതൽ 30-11-2016വരെ |
| | ഡോ.എം.പി.പൂർണ്ണിമ | 01-12-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ദീപ മാധവൻ | 01-04-2016 മുതൽ 12-05-2016വരെ |
| | ഡോ.ജയേഷ് ലാൽ.പി | 13-05-2016മുതൽ 31-03-2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 2-1 |

| | | |
|---|---|---|
| 12 | ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും-അപാകതകൾ | 2-2 |
| 13 | ആംബുലൻസ് നടത്തിപ്പും പരിപാലനവും | 2-3 |
| 14 | ബിൽഡിങ്ങ് പെർമിറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 2-4 |
| 15 | ടെലികോം കമ്പനികളിൽ നിന്നും വിനിയോഗ ചാർജ്ജ് ഈടാക്കുന്നില്ല | 2-5 |
| 16 | കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-6 |
| 17 | വസ്തു നികുതി പൊതു അപാകതകൾ | 2-7 |
| | ഭാഗം 3 | |
| 18 | പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്തതു മൂലം 88.8 ലക്ഷം രൂപ തൻവർഷം വിനിയോഗി ക്കുവാൻ സാധിച്ചിട്ടില്ല | 3-1 |
| 19 | മുൻകൂർ യാത്രാബത്ത കൈപ്പറ്റിയത് നാളിതുവരെ ക്രമീകരിച്ചില്ല. | 3-2 |
| 20 | വിവിധ അങ്കണവാടികളിൽ കുഴൽകിണർ നിർമ്മിക്കൽ-ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചത് പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-3 |
| 21 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-4 |
| 22 | ഒ.ഡി.എഫ് പദ്ധതി വികസനഫണ്ടിൽ നിന്നും മുൻകൂർ എടുത്ത തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 3-5 |
| 23 | സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം സർക്കാർ മാര്ഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല | 3-6 |
| 24 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശപ്രകാരം പരിപാലി ക്കുന്നില്ല. M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ആസ്തി വിവരങ്ങൾശേഖരിച്ചിട്ടില്ല | 3-7 |
| 25 | ടാർ വാങ്ങുന്നതിന് തുക നൽകി, 17137 രൂപയുടെ ടാർ ലഭിച്ചിട്ടില്ല | 3-8 |
| 26 | എസ്.എസ്.എ. പദ്ധതി വിഹിതം നൽകൽ – അപാകതകൾ | 3-9 |
| 27 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-സർക്കാർ നിർമ്മയിച്ച നിരക്കുകൾ അനുവദിക്കുന്നില്ല | 3-10 |
| 28 | ഹോമിയോ മരുന്ന് വാങ്ങൽ -തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചിട്ടില്ല | 3-11 |
| | ഭാഗം 4 | |

| | | |
|---|---|---|
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 08-03-2016 ഭരണസമിതി തീരുമാനം 01 പ്രകാരം അംഗീകരിച്ചിട്ടുണ്ട്, ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 76,17,770 |
| വരവ് | 8,63,25,000 |
| ആകെ | 9,39,42,770 |
| ചെലവ് | 7,08,92,000 |
| നീക്കിയിരിപ്പ് | 2,30,50,770 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 13-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28-07-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയിഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,12,29,267 |
| വരവ് | 5,29,95,089 |
| ആകെ | 6,42,24,356 |
| ചെലവ് | 4,69,99,359 |
| നീക്കിയിരിപ്പ് | 1,72,24,997 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,28,59,054 | 1,28,59,054 | 1,23,63,764 | 4,95,290 | 96.14% |
| വികസനഫണ്ട് എസ്.സി.പി. | 0 | 20,74,254 | 20,74,254 | 6,19,254 | 14,55,000 | 29.85% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 30,255 | 30,255 | 30,255 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 76,23,516 | 76,23,516 | 57,14,161 | 19,09,355 | 74.95% |
| സംരക്ഷണഗ്രാന്റ് | 0 | 36,74,661 | 36,74,661 | 23,59,491 | 13,15,170 | 64.20% |

| | | | | | | |
|---|---|---|---|---|---|---|
| നോൺറോഡ് | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 72,12,223 | 72,12,223 | 61,52,203 | 10,60,020 | 85.30% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 43,58,021 | 43,58,021 | 17,12,396 | 26,45,625 | 39.29% |
| ബി ഫണ്ട് (ഡി.ബി.റ്റി. ഉൾപ്പടെ) | 0 | 3,44,44,380 | 3,44,44,380 | 3,44,44,380 | 0 | 100% |
| | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ,, |
| എം.ജി.എൻ.ആർ. ജി.എസ്. (എഫ്.റ്റി.ഒ ഉൾപ്പടെ) | 16,929 | 3,16,85,511 | 3,17,02,440 | 3,16,92,725 | 9,715 | 99.29% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 123 | 75 | 15 | 33 | 83.33% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗ-സ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 7 | 27,89,186 | 7 | 17,75,836 | 63.66% |
| 2 | വെറ്റിനറി സർജ്ജൻ | 5 | 23,30,000 | 5 | 13,90,570 | 59.68% |
| 3 | മെഡിക്കൽഓഫീസർ, അലോപ്പതി | 6 | 12,53,000 | 6 | 9,37,392 | 74.81% |
| 4 | മെഡിക്കൽഓഫീസർ, ഹോമിയോ | 2 | 1,15,000 | 2 | 1,15,000 | 100% |
| 5 | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 2 | 11,23,178 | 2 | 11,23,178 | 100% |
| 6 | വി.ഇ.ഒ. | 9 | 67,28,200 | 8 | 48,09,200 | 71.47% |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 53,16,737 | 4 | 46,04,655 | 86.60% |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 11 | 63,88,445 | 11 | 58,39,170 | 91.40% |
| 9 | ഹെഡ്മാസ്റ്റർ | 3 | 17,40,000 | 3 | 17,40,000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 63 | 2,24,91,319 | 35 | 82,87,205 | 36.84% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 18,31,200 | 7 | 9,47,806 | 51.75% |
| | അകെ | 123 | 5,21,06,265 | 90 | 3,15,70,012 | 60.58% |

nnn

## 1-7 തനത് വരുമാനം.

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 14.51% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36,68,797 | 45,16,559 | (+)8,47,762 | (+) 23.10% |
| നികുതിയേതര വരവുകൾ | 8,49,583 | 6,74,010 | (-)1,75,573 | (+)20.66% |
| മറ്റുള്ളവ | 1,43,012 | 1,47,429 | (+) 4,417 | (+) 3.08% |
| ആകെ | 46,61,392 | 53,37,998 | 6,76,606 | +)14.51% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 4,98,600 | 229 |
| കർഷക തൊഴിലാളി പെൻഷൻ | 72,64,930 | 731 |
| വിധവാ പെൻഷൻ | 1,30,77,130 | 1138 |
| വാർദ്ധക്യകാല പെൻഷൻ | 96,53,625 | 933 |
| വികലാംഗ പെൻഷൻ | 24,12,565 | 231 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 8,97,530 | 90 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,40,000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-08-2017 ന് (3.15 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,485 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-07-2017 | 05/2017 to 06/2017 | 07-07-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെയും അനുബന്ധ രജിസ്റ്ററുകളുടെയും, രേഖകളുടെയും പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)2015-16 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്

2)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി.11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

3)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

5)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

7)താഴെപ്പറയുന്ന ട്രഷറി/ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികധനകാര്യ പത്രികയിലെ (RP-40(b)Bank) നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. റീകൺസിലിയേഷൻ നടത്തിയിട്ടുമില്ല.

| സീ-നം | ട്രഷറി/ബാങ്ക്- പേര് | ധനകാര്യപത്രികപ്രകാരം നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ചീമേനി സർവ്വീസ് സഹകരണ ബാങ്ക്(തനതു് ഫണ്ട്)* | 24,46,809 | 19,30,937 |
| 2 | നോർത്ത് മലബാർ ഗ്രാമീണ | 1,943 | 2,022 |

| | | | |
|---|---|---|---|
| | ബാങ്ക്,ചീമേനി(പ്ലാൻ) | | |

**ചീമേനി സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ടിലെ 31.03.2017 -ലെ ക്ലോസിംഗ് ബാലൻസ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയത് ഒരു വർഷത്തിലധികം പഴക്കമുള്ള വിവിധ ചെക്കുകൾ(5,593 രൂപയുടെ) മുഖേനയാണ്. കൂടാതെ 17.02.2016-ൽ വന്ന 12,500 രൂപ ഇതുവരെ കലക്ഷനായിട്ടുമില്ല. ആയത് പരിശോധിക്കേണ്ടതാണ്.

8)ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 2,04,821/ രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് കാണിച്ചിരിക്കുന്നത്. ആയത് ക്രമീകരിക്കേണ്ടതാണ്.

9)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസവും അതാതുസമയം തന്നെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

10)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാലൻഷീറ്റ് ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ 320200399 എന്ന ഹെഡ്ഡിൽ നെഗറ്റീവ് എൻട്രിയാണ് ഉള്ളത് പരിശോധിക്കുക.

11)സേവന സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (പെൻഷൻ ഇനത്തിലെ യഥാർത്ഥ ചെലവ്(DBT പ്രകാരമുള്ളത്) Income & Expenditure I -6 ൽ ഉൾപ്പെടുത്തിയിട്ടില്ല.)വ്യത്യാസം വിശദീകരിച്ചിട്ടില്ല.

| | സേവന സ്റ്റേറ്റ്മെന്റ്പ്രകാരം | ഹെഡ് | വാർഷിക കണക്ക്പ്രകാരം |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 72,64,930 | I-6 | 21,93,000 |
| വിധവാ പെൻഷൻ | 1,30,77,130 | I-6 | 34,14,000 |
| വാർദ്ധക്യകാലപെൻഷൻ | 96,53,625 | I-6 | 30,53,125 |
| വികലാംഗ പെൻഷൻ | 24,12,565 | I-6 | 7,00,500 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,97,530 | I-6 | 2,70,000 |

12)തൊഴിൽ രഹിത വേതനം ഇനത്തിലെ യഥാർത്ഥ ചെലവ് 4,98,600 രൂപയാണ്. I-6 ൽ ഇത് 5,64,000

രൂപയാണ് പരിശോധിക്കുക.

13)ഇ.എം.എസ്. ലോൺ ഇനത്തിൽ അടക്കുവാൻ ബാക്കിയുള്ള തുക ലോൺ രജിസ്റ്റർ പ്രകാരവും, ബാലൻസ് ഷീറ്റ് പ്രകാരവും വ്യത്യസ്ത തുകയാണ്. കൂടാതെ ലോൺ തുകയ്ക്ക് തത്തുല്യമായ തുക prepaid programe expenses (B-16) -യും ഉൾപ്പെടുത്തിയിട്ടില്ല.

14)വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ, ബാലൻസ് ഷീറ്റിൽ ആസ്തികളിൽ B-18- ൽ 460500202 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടത് 16,65,537 രൂപയായിരുന്നു. എന്നാൽ ഈ ഇനത്തിൽ B-18- ൽ 16,65,537 രൂപ ഉൾപ്പെടുത്തിയിട്ടില്ല. B-18- ലെ മറ്റ് ഹെഡുകളിലെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

15)ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

17)അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 2-2 ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകിപുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 58 | 46 | 285 | - | 389 |

ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 86%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല.

അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോാധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-3 ആംബുലൻസ് നടത്തിപ്പും പരിപാലനവും

എൻഡോസൾഫാൻ പാക്കേജിൽ സ.ഉ.(സാധാ)നം.383/2014/സാ.നീ.വ, തീയ്യതി 29.05.2014 പ്രകാരം അനുവദിച്ച ആംബുലൻസ്, 18.06.2015-ലെ ഇ.സി./2/28093/2014 ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാകലക്ടർ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയും ആയത് KL. 60 J 3266 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ആംബുലൻസിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 15.07.2015-ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം(ഖണ്ഡിക 3.12, 3.25) ആംബുലൻസ് ഡ്രൈവറുടെ ദിവസവേതനം, നടത്തിപ്പ് ചെലവ് എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്നും, ആംബുലൻസ് നടത്തിപ്പിനും പരിപാലനമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. തുടർന്ന് 29.07.2015-ലെ ഭരണസമിതി തീരുമാനം 98/15 പ്രകാരം ആംബുലൻസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറാൻ തീരുമാനിച്ചു. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിലുൾപ്പെട്ട രോഗികൾക്ക് സേവനം തികച്ചും സൗജന്യമായി ലഭ്യമാക്കുന്നതിനും, അല്ലാത്തവർക്ക് ഒരു വശത്തേക്കുള്ള വാടക ഒരു KM-ന് 25 രൂപ നിരക്കിൽ ഈടാക്കാനുമായിരുന്നു തീരുമാനിച്ചത്. എന്നാൽ 2016-17 വർഷത്തെ ആംബുലൻസിന്റെ ലോഗ്ബുക്ക് പരിശോധിച്ചപ്പോൾ എൻഡോസൾഫാൻ ദുരിതബാധിതരല്ലാത്തവരെയും കൊണ്ടുള്ള യാത്രക്ക് ഒരു വശത്തേക്ക് KM-ന് 25 രൂപ നിരക്കിൽ തുക ഈടാക്കാത്തതായി കണ്ടു. എന്നാൽ ഈടാക്കിയ തുക തന്നെ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ 18.10.2016-ന് 10/2015 മുതൽ 08/2016 വരെയുള്ള ആംബുലൻസിന്റെ വാടക 45,700 രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത് എന്നാൽ ലോഗ് ബുക്ക് പ്രകാരം 31.03.2017 വരെ 5887km-നാണ് ദുരിതബാധിതരല്ലാത്തവരെയും കൊണ്ടുള്ള യാത്ര നടത്തിയത്( ഒരു വശം 2943.5 km) ആയതിന് 73,587.5 രൂപ(2,943.5x25) അടവാക്കേണ്ടതായിരുന്നു. എന്നാൽ 45,700രൂപ മാത്രമാണ് ഒടുക്കിയത്. 27,587.5 രൂപ (17,587.5-45,700) അടവാക്കാത്തതിന്റെ കാരണം ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 6/08.08.2017).

## 2-4 ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ, കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് നൽകുകയും തറവിസ്തീർണ്ണത്തിന്റെ

അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യും.

ബിൽഡിംഗ് പെർമിറ്റ് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റ് വിതരണം ചെയ്തതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് പഞ്ചായത്തിന് സംവിധാനം ഇല്ലായെന്ന് വ്യക്തമാകുന്നു. ഒരു നിർമ്മാണത്തിന് പെർമിറ്റ് നൽകിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുമ്പോൾ മാത്രമാണ് ഈ ഫയലിൽ വീണ്ടും നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകുന്നതിനോ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാതിരിക്കുന്നത് മൂലം പഞ്ചായത്തിന് രണ്ട് വിധത്തിൽ വരവ് നഷ്ടമുണ്ടാകുന്നു. നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുതുക്കി നൽകുന്നതിന് ഫീസായി ഈടാക്കേണ്ട തുകയും, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ യഥാസമയം വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുകയും. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി കംപ്ലീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 ടെലികോം കമ്പിനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ ടെലികോം ഓപ്പറേറ്റർമാർ കേബിളുകൾ ഇടുന്നതിന് (ഭൂമിക്കടിയിലൂടെ/മുകളിലൂടെ) വാടക അഥവാ യൂസർ ഫീസ് ചുമത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. 2005-ലെപഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 8, ചട്ടം 9(3) സെക്ഷൻ എന്നിവ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന റോഡുകളുടെ പാർശ്വങ്ങളും നിരത്ത്,തെരുവ് എന്നിവയുടെ മുകളിലൂടെയുള്ള സ്ഥലങ്ങളും പ്രത്യേക വാടക/യൂസർ ഫീസ് ഈടാക്കി പാട്ടത്തിന് നൽകുന്നതിന് അധികാരമുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് ഭരണസമിതി കേബിളുകൾ ഇടുന്നതിനുള്ള നിരക്കുകൾ നിജപ്പെടുത്തുകയും ലൈസൻസിയുമായി കരാറിൽ ഏർപ്പെടുകയും വേണം. പഞ്ചായത്ത് പ്രദേശത്ത് നിരവധി ടെലികോം കമ്പിനികളുടെ സേവനം ലഭ്യമാണെങ്കിലും വാടക/യൂസർ ഫീസ് ഈടാക്കിയതായി കാണുന്നില്ല. കേബിളുകൾ ഇടുന്നതിന് വാടക നിജപ്പെടുത്തുകയോ ടെലികോം ഓപ്പറേറ്റർമാരിൽ നിന്നും വാടക/യൂസർ ഫീസ് ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-7/തീയതി 08-08-17)

നാളിതുവരെ തുക ഈടാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. യൂസർ ഫീസ് ഈടാക്കുന്നതിന് യാതൊരു ശ്രമവും പഞ്ചായത്ത് ഇതുവരെ നടത്തിയിട്ടില്ല. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പ്രസ്തുത തുകകൾ എത്രയും വേഗം തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ പരാമർശിച്ച മൂന്ന് വർഷങ്ങളിലായി ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പ്രവൃത്തികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2014-15 | 04 | 11,600 |
| 2 | 2015-16 | 19 | 1,31,586 |
| 3 | 2016-17 | 21 | 78,246 |
| | ആകെ | 44 | 2,21,432 |

## 2-7 വസ്തു നികുതി : പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കിപത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം കുടിശ്ശിക (ഗാർഹികം) | 2,17,496 |
| മുൻവർഷങ്ങളിലെ കുടിശ്ശിക (ഗാർഹികം) | 5,22,124 |
| മുൻവർഷങ്ങളിലെ കുടിശ്ശിക (ഗാർഹികേതരം) | 1,846 |
| ലൈബ്രറി സെസ്സ് | -35,550 |
| ആകെ | 7,05,916 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. വാണിജ്യ കെട്ടിടങ്ങളുടെ

ഒന്നാംനിലയ്ക്ക് 5% -മാണ് നികുതിയിളവ് അനുവദിക്കേണ്ടത്, എന്നാൽ ഇവിടെ ഇത് 6%-മാണ് അനുവദിച്ചിട്ടുള്ളത് ആയതിന്റെ കാരണം വ്യക്തമല്ല, ഇത് കാരണം വസ്തുനികുതിയിൽ കുറവ് സംഭവിക്കുന്നുണ്ട്. 185 ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സഞ്ചയ സോഫ്റ്റ്വേറിൽ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 60 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടഉടമകളിൽ നിന്നും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളില്ല എന്ന സത്യവാങ്മൂലം ഹാജരാക്കിയതിന് ശേഷം മാത്രമാണ് 2015-16 മുതൽ നികുതി ഒഴിവാക്കി നൽകുന്നത്. വിമുക്ത ഭടൻമാരിൽ നിന്നും ഏപ്രിൽ 10ന് മുമ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി ഒഴിവാക്കി നൽകുന്നുണ്ട്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.സഞ്ചയ നികുതി നിർണ്ണയ സോഫ്റ്റ്വേറിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയെങ്കിൽ മാത്രമാണ് പുതുക്കിയ നിരക്കിൽ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിന് സാധ്യമാകുകയുള്ളു. സഞ്ചയയിൽ മുഴുവൻ കെട്ടിടങ്ങൾക്കും ഡിജിറ്റൽ സിഗ്നേച്ചർ നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിൽ പഴയ എല്ലാ കെട്ടിടങ്ങൾക്കും 25% കുറഞ്ഞ നികുതി വർദ്ധനവും ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലും നികുതി നിലവിൽ വന്നിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 12,232 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 7,820 വീടുകളും, 1,421 ഷോപ്പുകളും, 9 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും, 187 ഓഫീസ് കെട്ടിടങ്ങളും, 13 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും, 4 മൊബൈൽ ടവറുകളും, 5 ഓഡിറ്റോറിയങ്ങളും, 271 ആരാധനാലയങ്ങളും, 2,502 ഷെഡ്/പമ്പ് ഹൗസുകളും, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 580 കെട്ടിടങ്ങളും ഉൾപ്പെടുന്നു.

മറ്റ് പ്രധാന അപാകതകൾ

1)വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ, വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല. പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ട കാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വീതി, ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം, എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യുന്നതായി കാണുന്നില്ല.

3)പൊതു ഉപയോഗത്തിനായി നീക്കി വെച്ച ഭാഗങ്ങളെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കും വിധം നികുതി നിർണ്ണയ വിധേയമാക്കിയിട്ടുണ്ട് എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പു വരുത്തിയിട്ടില്ല. സഞ്ചയ കൃത്യമാക്കുന്നതിനുള്ള പരിഹാര നടപടികൾ (Discrepancy Solving Steps ) ഗ്രാമ പഞ്ചായത്ത് പൂർത്തിയാക്കിയിട്ടില്ല.

4)2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം

ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും,200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 80/-രൂപയുമാണ്പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2016 ഡിസംബർ വരെ ഒരേ ഉടമസ്ഥന്റെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള, 100 ച.മീ. കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും ഓരോ മുറിക്കും 100 ച.മീ. താഴെയുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വസ്തുനികുതി കണക്കാക്കി നൽകുകയും ചെയ്തിട്ടുണ്ട്.വസ്തുനികുതി പരിഷ്കരണത്തിനു ശേഷമുള്ള മുഴവൻ വാണിജ്യകെട്ടിടങ്ങളുടെയും നികുതി പുനപ്പരിശോധിക്കേണ്ടതും ഇതേ രീതിയിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ഡിമാന്റിൽ വ്യത്യാസം വരുത്തി തുടർ നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

5)സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല-1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 88,80,460 രൂപ വിനിയോഗിക്കാൻ സാധിച്ചില്ല

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3,78,31,984 രൂപയിൽ 88,80,460രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണിത് . ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്,

മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപ്പെടെ 3,78,31,984 രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2,89,51,524 രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,28,59,054 | 1,23,63,764 | 4,95,290 |
| വികസനഫണ്ട് എസ്.സി.പി. | 20,74,254 | 6,19,254 | 14,55,000 |
| വികസനഫണ്ട് ടി.എസ്.പി. | 30,255 | 30,255 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 76,23,516 | 57,14,161 | 19,09,355 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 36,74,661 | 23,59,491 | 13,15,170 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 72,12,223 | 61,52,203 | 10,60,020 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 43,58,021 | 17,12,396 | 26,45,625 |
| ആകെ | 3,78,31,984 | 2,89,51,524 | 88,80,460 |

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും മുൻകൂർ യാത്രാ ബത്തയിനത്തിൽ 13,000രൂപ കൈപ്പറ്റിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിൽ ആർട്ടിക്കിൾ 100 പ്രകാരം മുൻകൂർ യാത്രാബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ കാലതാമസമില്ലാതെ യാത്രാബത്ത ബിൽ തയ്യാറാക്കി ആയതു പ്രകാരം ക്രമീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ചുവടെ ചേർത്ത പ്രകാരം കൈപ്പറ്റിയ തുകകൾ ക്രമീകരിച്ചു കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് മുൻകൂർ യാത്രാ

ബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പേര് ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | ശ്രീമതി.കെ.ശകുന്തള, പ്രസിഡന്റ് | 1,500 | ch.No.2004479/ 18-10-2016 |
| 2 | ശ്രീ.ഗംഗാധരൻ.കെ.വി, വൈസ് പ്രസിഡന്റ് | 1,500 | |
| 3 | ശ്രീമതി.ഗീത.എം.വി, വികസന സ്റ്റാ.കമ്മിറ്റി ചെയർമാൻ | 1,500 | |
| 4 | ശ്രീ.കുഞ്ഞിക്കണ്ണൻ,ക്ഷേമ കാര്യ സ്റ്റാ.കമ്മിറ്റി ചെയർമാൻ | 1,500 | |
| 5 | ശ്രീ.വിജയൻ.കെ. (ഹെഡ് ക്ലാർക്ക് ) LTC അഡ്വാൻസ്. | 7,000 | Vr.No.391A/ 09-09-2016 |
| | ആകെ | 13,000 | |

## 3-3 വിവിധ അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത് -പ്രവൃത്തി പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ 2016-17വർഷം നടപ്പിലാക്കിയ പ്രൊജക്ട് നം. 123/17ന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 11അങ്കണവാടികളിൽ കുടിവെള്ള സൗകര്യമേർപ്പെടുത്തുന്നതിനായി കുഴൽകിണർ നിർമ്മിക്കുന്നതിനായി സർവ്വേ ചാർജ്ജുൾപ്പടെ 5,75,700 രൂപ ( വൗ.നം.41/തി.13-03-17, ₹19,250 & വൗ.നം.71/തി.13-03-17 ₹5,56,450) ഭൂജല വകുപ്പ് കാസറഗോഡ് ജില്ലാ ഓഫീസിന് നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ തുറവ് അംഗനവാടിയിലെ കുഴൽ കിണർ നിർമ്മാണം മാത്രമാണ് നാളിതുവരെ പൂർത്തികരിച്ചിട്ടുള്ളത്. അവശേഷിച്ച പത്ത് അങ്കണവാടികളിലെ കുഴൽകിണർ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതും പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|
| 1 | ചെമ്പ്രങ്കാനം അങ്കണവാടി |
| 2 | തിമിരി കൊറയച്ചാൽ അങ്കണവാടി |
| 3 | രാമൻചിറ അങ്കണവാടി |
| 4 | വലിയപൊയിൽ അങ്കണവാടി |
| 5 | നിടുംമ്പ അങ്കണവാടി |
| 6 | ചീമേനികിഴക്കേക്കര അങ്കണവാടി |

| | |
|---|---|
| 7 | അരുക്കര അങ്കണവാടി |
| 8 | കുണ്ട്യംഅങ്കണവാടി |
| 9 | പള്ളിപ്പാറ അങ്കണവാടി |
| 10 | കുളിയാട് അങ്കണവാടി |

## 3-4 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 33,94,489 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | അസി. സെക്രട്ടറി | ഐ.എ.വൈ. അധിക വിഹിതം നൽകൽ (എസ്.സി.)<br>പ്രൊ.നം. 140/17 | 5/16-03-17<br>6/16-03-17 | 75,000<br>25,000 | സെക്രട്ടറി,ബ്ലോക്ക പഞ്ചായത്ത്,<br>നീലേശ്വരം |
| 2 | സെക്രട്ടറി | NPRPD വിഹിതം നൽകൽ<br>പ്രൊ.നം. 113/17 | 17/09-03-17 | 3,00,000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്,<br>കാസറഗോഡ് |
| | | | Ch.No. 602624/ 9.03.17 | 75,000 | |
| 3 | സെക്രട്ടറി | തെരുവ് വിളക്ക് ലൈൻ വിപുലീകരണം<br>പ്രൊ.നം.116/17 | 24/27-03-17<br>23/27-03-17<br>28/29-03-17<br>29/29-03-17<br>30/29-03-17 | 11,35,370<br>65,297<br>14,567<br>2,59,757<br>1,90,546 | കെ.എസ്.ഇ.ബി. |
| 4 | സെക്രട്ടറി | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം നൽകൽ<br>പ്രൊ.നം.136/17 | 18/17-03-17 | 12,53,952 | കെ. എസ്.ഇ.ബി, |
| | | | ആകെ | 33,94,489 | |

## 3-5 ഒ.ഡി.എഫ്. പദ്ധതി- വികസനഫണ്ടിൽ നിന്നും മുൻകൂർ എടുത്ത തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 155 ഗുണഭോക്താക്കൾക്കായി കക്കൂസ് നിർമ്മിക്കുന്നതിനായി ആകെ 23,63,200 രൂപ അടങ്കലുള്ള പദ്ധതി തയായറാക്കുകയുണ്ടായി (ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ₹22,79,200, സംസ്ഥാനാവിഷ്കൃത ഫണ്ട് ₹84,000). ഓഡിറ്റ് വർഷം പദ്ധതിയ്ക്കായി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 22,79,200 രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 84,000രൂപയുമുൾപ്പടെ ആകെ 23,63,200 രൂപ

ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷൻ അംഗീകരിച്ച് നൽകിയ പദ്ധതിപ്രകാരം ലഭ്യമാവേണ്ട ശുചിത്വ മിഷൻ വിഹിതം 17,76,000 രൂപയാണ്(12,000x148)(ഏഴ്ഗുണഭോക്താക്കൾക്കുള്ള ടി.എസ്.സി. വിഹിതം ₹84,000പഞ്ചായത്തിൽ മുന്നിരിപ്പുണ്ടായിരുന്ന തുക വിനിയോഗിച്ച് നൽകിയിട്ടുണ്ട്). പ്രസ്തുത തുകയിൽ നാളിതുവരെ 13,23,370 രൂപ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടുണ്ട്. ഈയിനത്തിൽ ഇനി 4,52,630 രൂപ ശുചിത്വ മിഷനിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ശുചിത്വ മിഷൻ വിഹിതം പദ്ധതി നിർവ്വഹണ വേളയിൽ ലഭ്യമാവാതിരുന്നതിനാൽ 28-12-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ- ഓർഡിനേഷൻ സമിതിയുടെ നിർദ്ദേശാനുസരണം മറ്റ് പ്രൊജക്ടുകൾക്കായി നീക്കിവെച്ച തുകകൾ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തത്. ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് അധികമായി വിനിയോഗിച്ച തുക ഏതുമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും ലഭ്യമാക്കിയതാണോ അതേ മേഖലകളിൽ തന്നെ വിനിയോഗിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 2016-17 വർഷം പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. അധികൃതർ ലഭ്യമാക്കിയ രേഖകൾ പ്രകാരം വികസനഫണ്ടിൽ നിന്നും ഒ.ഡി.എഫ്. പദ്ധതിയ്ക്കായി ചെലവഴിച്ച തുകയ്ക്ക് പകരമായി കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് 17.76 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 4.90 ലക്ഷം രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

ഇക്കാര്യം പരിശോധിച്ച് ശുചിത്വ മിഷനിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്ന തുക 4,52,630 രൂപ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, സർക്കാർ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ടമേഖലകളിൽ പകരം പദ്ധതികളാവിഷ്കരിച്ച് ചെലവഴിക്കേണ്ട തുകകൾ ചെലവഴിച്ചുവെന്ന് ഉറപ്പാക്കേണ്ടതും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-6 സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം - സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി 2016-17 വർഷം നടപ്പിലാക്കിയ പട്ടിക ജാതി വനിതാ സ്വയം സഹായ സംഘത്തിന് "ഡി.റ്റി.പി. യൂണിറ്റ് ആരംഭിക്കുന്നതിന് സബ്സിഡി നൽകൽ" എന്ന പദ്ധതിപ്രകാരം (പ്രൊ.നം.87/17) 2,00,000 രൂപ (ട്രഷറി ബിൽ.നം.10/31-03-2017 ₹1,97,284 & ബിൽ.നം. 09/31-03-2017 ₹2,746) ബാക്ക് എൻഡ് സബ്സിഡിയായി പഞ്ചായത്ത് സി.ഡി.എസ്. മുഖേന ചീമേനി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി നൽകുന്നതിന് മുമ്പായി പാലിക്കേണ്ട ജി.ഒ.(എം.എസ്.) നം. 4/16തി 11-01-2016ലെ ഖണ്ഡിക 11-4(5)ലെ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എ) സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന വ്യക്തി-ഗ്രൂപ്പ്, ആരംഭിക്കാനുദ്ദേശിക്കുന്ന സംരഭത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കി അതും ധനസഹായത്തിനുള്ള അപേക്ഷയും കൂടി ഗ്രാമ പഞ്ചായത്തിൽ ഗ്രൂപ്പംഗങ്ങളുടെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കണം .

ബി) ഇതിനുശേഷം ബാങ്ക് വായ്പയ്ക്കുള്ള അപേക്ഷ സമർപ്പിക്കണം

സി) ബാങ്ക് വായ്പ ലഭിക്കുന്നമുറയ്ക്ക് സംരംഭം ആരംഭിക്കണം.

ഡി) സംരംഭം ആറുമാസം മുടക്കംകൂടാതെ പ്രവൃത്തിക്കുകയും ആറുമാസത്തിനുശേഷം ലാഭകരമായിരിക്കുകയും ചെയ്താൽ അക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ടുള്ള ഒരു കുറിപ്പും ധനസഹായത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും കൂടി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കണം

ഇ) സംരംഭം ലാഭകരമായി പ്രവൃത്തിക്കുന്നുണ്ടെങ്കിൽ അയൽ സഭയുടെ ശുപാർശയോടെയും, ഗ്രാമസഭയുടെ അംഗീകാരത്തോട്ടു കൂടിയും അർഹമായ സബ്സിഡി തുക ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാം .

2) സബ്സിഡി തുക അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിർദ്ദിഷ്ട യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. സംരംഭം പ്രവർത്തനം ആരംഭിച്ച് ആറുമാസം പ്രവർത്തിച്ചശേഷം പ്രവർത്തനം വിലയിരുത്തി ആയതിന്റെയടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കണമെന്നിരിക്കേ സബ്സിഡി അനുവദിച്ച് നാലുമാസം കഴിഞ്ഞിട്ടും സംരംഭം ആരംഭിച്ചിട്ടില്ലയെന്നത് ഗുരുതരമായ ചട്ടലംഘനമായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാക്കാൽ നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിനു സമീപമുള്ള കുടുംബശ്രീ വിപണനകേന്ദ്രം കെട്ടിടത്തിൽ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി അധികൃതർ അറിയിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശം ലംഘിച്ച് പദ്ധതി നടപ്പിലാക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് മോണിറ്ററിങ്ങ് സമിതി സർട്ടിഫിക്കറ്റ് സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ സബ്സിഡിയിനത്തിൽ അനുവദിച്ച 2,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തിരജിസ്റ്ററിലെ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ നം-58608/ഡി.ബി.2/09) നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ,കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എസ്.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കുന്നെങ്കിലും (പഴയ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുക്കൾ റീസർവ്വെ നടപടികൾക്ക് ശേഷം ലഭ്യമാക്കിയ പട്ടികയുമായി ഒത്തുനോക്കിയിട്ടില്ല) ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടമ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ്

20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ.1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു. 2016 മാർച്ച് മാസം വരെ വാങ്ങിയതോ ,നിർമ്മിച്ചതോ , വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും,ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എസ്.എസ്.ജി.ഡി. എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല.മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ് സ.ഉ.(സാധാ)നം.2904/16 തീ.19.10.2016 ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.10.2016 ലെ 27.10.2016 നം. തീരുമാനത്തിൽ മൊബൈൽ ഫോൺ വാങ്ങുന്നതിന് തീരുമാനം എടുത്തുവെങ്കിലും നടപ്പാക്കിയില്ല. ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ,റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-8 റോഡ് ടാറിങ്ങ് പ്രവൃത്തികൾക്ക് ടാർ വാങ്ങിയത്-17,137 രൂപ തിരികെ ലഭിച്ചിട്ടില്ല.

10.02.2017 ലെ സർക്കാർ സർക്കുലർ നം. 75/ഡി.എ.1/2017/ത.സ്വ.ഭ.വ. പ്രകാരം, 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൽഷനും കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകേണ്ടതുണ്ട്. കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന 21റോഡ് ടാറിങ്ങ് / റീ ടാറിങ്ങ് പ്രവൃത്തികൾക്കായി ടാർ വാങ്ങി കരാറുകാർക്ക് നൽകിയിട്ടുണ്ട്. മാംഗളൂർ റിഫൈനറി &പെട്രോകെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 309ബാരൽ ടാറും (VG30)ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമറ്റഡ് എന്നസ്ഥാപനത്തിൽ നിന്നും 70 ബാരൽ Hincol Emulsion SS1ഉം, 31 ബാരൽ Hincol Emulsion RS1ഉം വാങ്ങിയിട്ടുണ്ട് . ഇതിനായി ആകെ 28,50,947രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടാർ വാങ്ങിയതിന്റെ ബില്ലുകൾ പരിശോധിച്ചതിൽ 2,970 രൂപയുടെ എമൽഷനും 14,167 രൂപയുടെ ബിറ്റുമിനും കുറവായാണ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചതെന്ന് കാണുകയുണ്ടായി. ഈയിനത്തിൽ ലഭിക്കുവാനവശേഷിക്കുന്ന 17,137 രൂപ ഓയിൽ കമ്പനികളിൽ നിന്നും തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബിറ്റുമിന്/ എമൽഷന് നൽകിയ തുക | ലഭിച്ച ബിറ്റുമിന്റെ /എമൽഷന്റെമൂല്യം | ഓയിൽ കമ്പനികളിൽ അവശേഷിക്കുന്നതുക |
|---|---|---|---|
| മാംഗളൂർ റിഫൈനറി &പെട്രോകെമിക്കൽസ് | ₹17,75,205<br>ch.No.602627/ 13.03.17 | ₹17,61,038 | ₹14,167 |
| ഹിൻകോൾ പ്രൈവറ്റ് ലിമിറ്റഡ് | ₹ 10,75,742<br>ch.No.602628/ | ₹10,72,772 | ₹2,970 |

| | | | |
|---|---|---|---|
| | 13.03.17 | | |
| ആകെ | ₹28,50,947 | ₹28,33,810 | ₹17,137 |

## 3-9 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ

2016-17 വർഷം നടപ്പാക്കിയ എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി പ്രകാരം (പ്രൊജക്ട് നം.SO.32/17) 17,00,000 രൂപ (ട്രഷറി ബിൽ നം.1/16-12-2016 -വികസന ഫണ്ട്)പ്രൊജക്ട് ഓഫീസർ, എസ്.എസ്,എ. കാസറഗോഡ്-ന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരമുള്ള ചെലവ് താഴെ കൊടുക്കുന്നു.എസ്.എസ്,എ. കാസറഗോഡ്

| എസ്.എസ്,എ.പദ്ധതി അടങ്കൽ<br>1 | 40% ഗ്രാമ പഞ്ചായത്ത് വിഹിതം<br>2 | ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയത്<br>3 | വിനിയോഗ പത്രംപ്രകാരം ആകെചെലവ്<br>4 | ആകെ ചെലവിന്റെ 40%<br>5 | അധികം നല്കിയ തുക<br>3-5 |
|---|---|---|---|---|---|
| 55,47,000 | 22,19,000 | 17,00,000 | 34,80,000 | 13,92,000 | 3,08,000 |

ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്ന പദ്ധതികളുടെ വാർഷിക ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കുകയും ആയതിന്റെ 40% ഗ്രാമപഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തി ഫണ്ട് പ്രൊജക്ട് ഓഫീസർ, എസ്.എസ്,എ. കാസറഗോഡ് -ന് കൈമാറണം. ഓഡിറ്റ് വർഷം കൈമാറിയ തുകയിൽ മുകളിൽ വിവരിച്ച പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ബാക്കിയുണ്ട്. വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ 3,08,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക കുറച്ചു നൽകി

പ്രോജക്ട് നം : SO.43/17, ബിൽ നം. : 15/16-17 തീയതി: 18.03.2017

തുക 2,75,000/- വികസന ഫണ്ട്, നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

11.01.2016ലെ ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|

| | | ഡേസ്കോളർ | ഹോസ്റ്റലർ | |
|---|---|---|---|---|
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1,250 | 1,000 |
| 5 | ബിരുദാനന്തര ബിരുദം | 1,000 | 1,500 | 1,500 |
| 6 | വൊക്കേഷനൽ പരിശീലനം | 1,000 | 1,500 | 1,500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമനം. | ഇനം | സ്കോളർഷിപ്പ്/ബത്ത(രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1,400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1,000 |

ഡേ സ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18,200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19,200രൂപയ്ക്കും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ

നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെഎണ്ണം | അർഹതയുള്ള തുക | വിതരണംചെയ്തതുക | വ്യത്യാസം |
|---|---|---|---|---|
| 1-4 | 7 | [(400x12)+500]x7 = 37,100 | [2,086x7]=14,602 | 22,602 |
| 5-8 | 4 | [(500x12)+600]x4 =26,400 | [2,686x4]= 10,744 | 15,656 |
| 9,10,+1, +2 | 4 | [(600x12)+800]x4 =32,000 | [3,286x04]= 13,144 | 18,856 |
| ബിരുദം | 01 | [(800x12)+1250] x01=10,850 | [4,486x01] =4,486 | 6,364 |
| ആകെ | 16 | 1,06,454 | 42,976 | 63,478 |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|
| 54 | (54x18,200) = 9,82,800 | (34x5,686) = 1,93,324<br>(20x5,685) = 1,13,700 | 6,75,776 | ഉല്ലാസയാത്ര/പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ 7,39,254 രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-11 <u>ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ- ഹോംകോവിൽ അടവാക്കിയ തുകക്ക് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ല.</u>

പ്രൊജക്റ്റ് നമ്പർ . SO.53/17

വകയിരുത്തിയ തുക 1,00,000(M.G.N.R.)

ചെലവ്തുക 1,00,000(ബിൽനമ്പർ 1/16-17തിയതി-28.01.2017)

നിർവഹണം: മെഡിക്കൽ ഓഫീസർ,ഹോമായോ

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഗവ. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾലഭ്യമാക്കുന്നതിനായി മേൽ പ്രൊജക്റ്റ്പ്രകാരം 1,00,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റിവ് ഫാർമസിയിൽ അടവാക്കിയിട്ടുണ്ട്. 2017 ജനുവരി മാസം അടവാക്കിയ മേൽ തുകക്ക് മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാവാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.1,00,000/-രൂപയുടെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,00,000 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 4,00,000 | 0 |
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2016-17 | 2,25,000 | നെൽകൃഷി കൂലിച്ചെലവ് | 2,25,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം. /ബിൽ .നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 116/17 തെരുവ് വിളക്ക് -ലൈൻ വലിക്കൽ | 24/27-03-17 | 11,35,370 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 11,35,370 |
| | | 23/27-03-17 | 65,297 | | 65,297 |
| | | 28/29-03-17 | 14,567 | | 14,567 |
| | | 29/29-03-17 | 2,59,757 | | 2,59,757 |

| | | | | | |
|---|---|---|---|---|---|
| | | 30/29-03-17 | 1,90,546 | | 1,90,546 |
| വൈദ്യുതി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം നൽകൽ | 18/17-03-17 | 12,53,952 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 12,53,952 |
| ഭൂജല വകുപ്പ് കാസറഗോഡ് | വിവിധ അങ്കണവാടികളിൽ കുടിവെള്ള പദ്ധതി | 41/13-3-17<br>71/31-3-17<br>(അസി. എഞ്ചിനിയർ) | 19,250<br>5,56,450 | -ടി- | 19,250<br>5,56,450<br>(52,700 രൂപ വിനിയോഗിച്ച് ഒരു പദ്ധതിപൂർത്തീകരിച്ച തായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയി ച്ചുവെങ്കിലുംവിനിയോഗ രേഖകൾ ഹാജരാ ക്കിയിട്ടില്ല) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ /വായ്പതിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | G.O.(MS.)453/2010 L.S.G.D. dtd. 09.02.2010 | 64,91,641 SCB,തിമിരി | 20,91,655 | 6,75,600 | 0 | 14,16,055 |
| | | 67,56,000 SCB,ചീമേനി | 24,60,098 | 6,75,600 | 0 | 17,84,498 |
| | ആകെ | 1,32,47,641 | 45,51,753 | 13,51,200 | 0 | 32,00,553 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,206 രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3.3 | 4,206 | ശ്രീ.പ്രശാന്ത്.പി. വെറ്റിനറി സർജ്ജൻ. | 11605100099/<br>08-04-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,29,95,089 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,69,99,359 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,08,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2,00,000 | ശ്രീ.കൃഷ്ണകുമാർ.ടി.എ, അസി.സെക്രട്ടറി |
| 3-9 | 3,08,000 | ശ്രീ.രമേശൻ.പി.വി, ഹെഡ്മാസ്റ്റർ |
| 3-11 | 1,00,000 | ശ്രീമതി.ഡോ.ജ്യോതി.കെ. മെഡിക്കൽ ഓഫീസർ ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1989-90,1990-91, 1991-92,1992-93 | എൽ.എഫ്.കെ.എസ്.ഡി-5: 147/2000, തി: 14.02.2001 | 7 |
| 1993-94, 1994-95,1995-96 | എൽ.എഫ്.കെ.എസ്.ഡി4-02/2006, തി:07.07.2007 | 6 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5-497/2000,തി: 20.01.2000 | 23 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5-222/02, തി: 17.06.2002 | 17 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-4-93/03, തി: 05.06.2003 | 6 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി-4-91/04, തി: 04.07.2005 | 6 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി-4-92/04, തി: 04.07.2005 | 5 |

| | | |
|---|---|---|
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി4-613/05,<br>തി: 17.02.2007 | 9 |
| 2001-02 (F) | എൽ.എഫ്.കെ.എസ്.ഡി3/275/06,<br>തി: 14.11.2008 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3:45/10,<br>തി:23.12.2010 | 3 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3:46/10,<br>തി:13.05.2011 | 9 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3:393/12,<br>തി:02.06.2012 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി4:765/12 ,<br>തി:27.10.11/16.04.12 | 4 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3:394/12,<br>തി:02.06.2012 | 3 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3:395/12,<br>തി: 02.06.2012 | 5 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി-4:940/10,<br>തി: 08.02.12/10.07.12 | 3 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി-3:238/12,<br>തി: 04.10.12/30.01.13 | 20 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി-3:238/12,<br>തി: 04.10.12/30.01.13 | 18 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി-7: 1047/13,<br>തി: 16.07.14/19.09.14 | 23 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി-8: 86/2015 , | 11 |

| | | |
|---|---|---|
| | തി: 15.05.2015 | |
| 2014-15 | കെ.എസ്.എ/കെ.എസ്.ഡി-9/1038/2015<br>തി: 30/10/2015 | |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി 9-1258/2016 തി.20-12-16 | 18 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

സീയാർ/-

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-9/983/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

E-mail:- doksd.ksad@kerala.gov.in
Phone: 0499 4256690.

തീയതി. 14.08.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും,

കാസറഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## AUDIT CERTIFICATE

No. KSA-KSD/9/983/2017

Kerala State Audit Department,

District Audit Office,Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in

Dated:14.08.2017.

Certified that, I have audited the Annual Financial Statement of Kayyur Cheemeni Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kayyur Cheemeni Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.